"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തദ്ദേശസ്വയംഭരണപൊതുസർവീസിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ആശ എസ്.ആർ ശ്രീമതി.ബിജിമോൾ.ആർ, ശ്രീ.ഹരികൃഷ്ണൻ വി.എസ്, എന്നിവർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, മുമ്പാകെ സമർപ്പിച്ച ഒ.എ 1505/2023, ഒ.എ 1507/2023, ഒ.എ 1508/2023 നമ്പർ കേസുകളിലെ 16.08.2023 തീയതിയിലെ പൊതുഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2042/2023/LSGD തീയതി,തിരുവനന്തപുരം, 17-10-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ഷൊർണ്ണൂർ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീമതി.ആശ എസ്.ആർ, ശ്രീമതി.ബിജിമോൾ.ആർ, ചങ്ങനാശ്ശേരി നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീ.ഹരികൃഷ്ണൻ വി.എസ് എന്നിവർ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ (അനക്ഷർ എ5)
3. ശ്രീമതി.ആശ എസ്.ആർ, ശ്രീമതി.ബിജിമോൾ.ആർ, ശ്രീ.ഹരികൃഷ്ണൻ വി.എസ്, എന്നിവർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, മുമ്പാകെ സമർപ്പിച്ച ഒ.എ 1505/2023, ഒ.എ 1507/2023, ഒ.എ 1508/2023 നമ്പർ കേസുകളിലെ 16.08.2023 തീയതിയിലെ പൊതുഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.09.2023 തീയതിയിലെ LSGD/PD/54061/2023-DEC1 നമ്പർ കത്ത്.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.09.2023 തീയതിയിലെ LSGD/PD/58045/2023-DEC2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതുസർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി ഷൊർണ്ണൂർ നഗരസഭയിലെ സീനിയർ ക്ലർക്കുമാരായ ശ്രീമതി.ആശ എസ്.ആർ, ശ്രീമതി.ബിജിമോൾ.ആർ, ചങ്ങനാശ്ശേരി നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീ.ഹരികൃഷ്ണൻ വി.എസ് എന്നിവർ പരാമർശം 2പ്രകാരം അപ്പീൽ അപേക്ഷകൾ (അനക്ഷർ എ5) സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.ആശ എസ്.ആർ, ശ്രീമതി.ബിജിമോൾ.ആർ, ശ്രീ.ഹരികൃഷ്ണൻ വി.എസ്, എന്നിവർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, മുമ്പാകെ സമർപ്പിച്ച ഒ.എ 1505/2023, ഒ.എ 1507/2023, ഒ.എ 1508/2023 നമ്പർ കേസുകളിലെ 16.08.2023 തീയതിയിലെ പൊതുഉത്തരവ് പ്രകാരം, അപേക്ഷകർ സമർപ്പിച്ച

അനക്ഷർ എ5 അപ്പീൽ അപേക്ഷകൾ പരിഗണിക്കുന്നതിനും, ആയതിൽ ടിയാളുകളെ നേരിൽ കേട്ട ശേഷം രണ്ട് മാസത്തിനുള്ളിൽ ഉത്തരവാകുന്നതിനും ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം, 29.09.2023 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി അപേക്ഷകരെ നേരിൽ കേട്ടു. നേരിൽ കേട്ട സമയത്തെ ശ്രീ.ഹരികൃഷ്ണൻ വി.എസ്-ന്റെ വാദങ്ങൾ പ്രകാരം, ടിയാളുടെ ട്രാൻസ്ഫർ അപേക്ഷയിൽ പത്തനംതിട്ട,തിരുവല്ല മുനിസിപ്പാലിറ്റിയിലേയ്ക്ക് ഓപ്ഷൻ no.2- ആയി അപേക്ഷിച്ചിരുന്നെങ്കിലും 4-ാമത്തെ ഓപ്ഷൻ ആയ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലേയ്ക്കാണ് ട്രാൻസ്ഫർ നൽകിയതെന്നും ആലപ്പുഴ ജില്ലയിലേക്ക്, തന്നെ സീനിയോറിറ്റി അനുസരിച്ച പരിഗണിച്ചിരുന്നെങ്കിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്ക് എങ്കിലും ട്രാൻസ്ഫർ കിട്ടുമായിരുന്നെന്നും ആയതു കുടുംബ സാഹചര്യപ്രകാരം സൗകര്യപ്രദമായിരുന്നെന്നും അറിയിച്ചു.

3. ശ്രീമതി.ആശ എസ്.ആർ, ശ്രീമതി.ബിജിമോൾ.ആർ, എന്നിവരുടെ നേരിൽ കേട്ട സമയത്തെ വാദങ്ങൾ പ്രകാരം കൊല്ലം ജില്ലയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന കാലയളവിൽ ടിയാളുകളെ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലേക്ക് ട്രാൻസ്ഫർ ചെയ്തതായും, ഇൻസ്റ്റേഷൻ സീനിയോറിറ്റി ലിസ്റ്റിൽ നമ്പർ 24,20 എന്നിങ്ങനെ റാങ്ക് നമ്പർ ഉള്ളവരായ ഇവരെ ഓൺലൈൻ ട്രാൻസ്ഫറിനു മറ്റു ജില്ലയിലേക്ക് അപേക്ഷിച്ചില്ല എന്ന കാരണത്താലാണ് പാലക്കാട് ജില്ലയിലേക്ക് മാറ്റിയതെന്നും ആരോപിക്കുന്നു. ഈ സാഹചര്യത്തിൽ സ്വന്തം ജില്ലയായ കൊല്ലത്തു പ്രൊമോഷൻ മൂലം നിലവിൽ ഉണ്ടായിട്ടുള്ള വേക്കൻസിയിലേയ്ക്ക് പരിഗണിച്ച് നിയമനം നൽകണമെന്ന് ടിയാളുകൾ അപേക്ഷിക്കുകയുണ്ടായി.

4. ശ്രീ.ഹരികൃഷ്ണൻ വി.എസ്-ന്റെ അപേക്ഷയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം തിരുവല്ല മുനിസിപ്പാലിറ്റിയിലേക്കോ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേക്കോ സ്ഥലം മാറ്റത്തിന് പരിഗണിക്കണമെന്നും നേരിൽ കേൾക്കണമെന്നുമാണ് അനക്ഷർ എ5 അപ്പീലിലെ ആവശ്യമെന്നും, സ്ഥലംമാറ്റ അപേക്ഷയിൽ നാലാമതായി ഓപ്ഷൻ നൽകിയ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലേക്കാണ് ടിയാളെ ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് എന്നും അറിയിക്കുന്നു. ടിയാന്റെ രണ്ടാമത്തെ ഓപ്ഷനായ തിരുവല്ല മുനിസിപ്പാലിറ്റിയിലേക്ക് ടിയാനെക്കാൾ station seniority കുറഞ്ഞ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതായി കാണുന്നതായും, ഫൈനൽ ക്യൂ ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ടിയാന്റെ ആക്ഷേപം ശരിയാണെന്നും സോഫ്റ്റ് വെയറിലെ അപാകതയാണ് ഇത്തരത്തിലുള്ള സ്ഥലംമാറ്റത്തിന് കാരണമെന്നും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള ക്യൂ ലിസ്റ്റ് പ്രകാരം പത്തനംതിട്ട ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് ശ്രീ.ഹരികൃഷ്ണൻ വി.എസ്, സീനിയർ ക്ലർക്ക് അർഹനായിട്ടുള്ളതും ആയതിനാൽ 23.09.2022തീയതിയിലെ LSGD/PD/46873/2023/DEC5 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ഹരികൃഷ്ണൻ വി.എസ്, സീനിയർ ക്ലർക്കിന് പത്തനംതിട്ട ജില്ലയിലേക്ക് അലോട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു.

5. ശ്രീമതി.ആശ എസ്.ആർ, ശ്രീമതി.ബിജിമോൾ.ആർ, എന്നിവരുടെ അപേക്ഷയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 റിപ്പോർട്ട് പ്രകാരം കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.ആശ എസ്.ആർ കൊല്ലം ജില്ലയിൽ 8 വർഷം 4 മാസം 7 ദിവസം (3049 ദിവസം) സേവനം പൂർത്തീകരിച്ചിട്ടുണ്ട് എന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽ 2023 ൽ നടപ്പിലാക്കിയിരുന്ന ഓൺലൈൻ സ്ഥലംമാറ്റത്തിൽ

ശ്രീമതി.ആശ എസ്.ആർ സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലും ശ്രീമതി.ആശ എസ്.ആർ കൊല്ലം ജില്ലയിൽ 8 വർഷത്തിലധികമായി ജോലി ചെയ്തുവരുന്നതിനാലും പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം അർഹരായ ജീവനക്കാർക്ക് കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനുമായാണ് ഇൻസ്റ്റേഷൻ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ശ്രീമതി.ആശ എസ്.ആർ -നെ കൊല്ലം ജില്ലക്ക് പുറത്തേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത് എന്നും സമീപ ജില്ലകളിൽ സ്ഥലംമാറ്റം ലഭിക്കുന്നതിനായി ശ്രീമതി.ആശ എസ്.ആർ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലും മറ്റ് സ്റ്റേഷനുകളിൽ മുൻഗണനാക്രമം അനുസരിച്ച് ജീവനക്കാരെ നിയമിച്ചിരുന്നതിനാലുമാണ് ഒഴിവ് നിലവിലുണ്ടായിരുന്ന പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലേക്ക് ടിയാളെ സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത് എന്ന് അറിയിക്കുന്നു.

6. 20.07.2021 മുതൽ കൊല്ലം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജോലിചെയ്തു വരുന്ന ശ്രീമതി.ബിജിമോൾ.ആർ ടി കാര്യാലയത്തിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടില്ലെങ്കിലും കൊല്ലം ജില്ലയിൽ 9 വർഷവും 30 ദിവസവും (3315 ദിവസം) സേവനം പൂർത്തീകരിച്ചിട്ടുണ്ട് എന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽ 2023 ൽ നടപ്പിലാക്കിയിരുന്ന ഓൺലൈൻ സ്ഥലംമാറ്റത്തിൽ ശ്രീമതി.ബിജിമോൾ.ആർ സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലും ശ്രീമതി.ബിജിമോൾ.ആർ കൊല്ലം ജില്ലയിൽ 9 വർഷത്തിലധികമായി ജോലിചെയ്തുവരുന്നതിനാലും പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം അർഹരായ ജീവനക്കാർക്ക് കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനുമായാണ് ശ്രീമതി.ബിജിമോൾ.ആർ-യെ കൊല്ലം ജില്ലക്ക് പുറത്തേക്ക് സ്ഥലമാറ്റി നിയമിച്ചിട്ടുള്ളത് എന്നും സമീപ ജില്ലകളിൽ സ്ഥലംമാറ്റം ലഭിക്കുന്നതിനായി ശ്രീമതി.ബിജിമോൾ.ആർ അപേക്ഷ സമർപ്പിക്കാതിരുന്നതിനാലാണ് ഒഴിവ് നിലവിലുണ്ടായിരുന്ന പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലേക്ക് ടിയാളെ സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു..

7. മേൽ വസ്തുതകൾ പ്രകാരം ശ്രീമതി.ബിജിമോൾ.ആർ, ശ്രീമതി.ആശ എസ്.ആർ എന്നിവർ സമർപ്പിച്ചിട്ടുള്ള ഹർജിയിലെ വാദം നിലനിൽക്കുന്നതല്ലെന്നും സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നപക്ഷം ആയത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ഉൾപ്പെടെ ബാധിക്കുകയും കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

8. ശ്രീ.ഹരികൃഷ്ണൻ വി.എസ്, ശ്രീമതി.ബിജിമോൾ.ആർ, ശ്രീമതി.ആശ എസ്.ആർ എന്നിവർ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷകൾ, തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 11.10.2023തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിച്ചു, അതിൻപ്രകാരം ചുവടേചേർക്കുംപ്രകാരം തീരുമാനമെടുത്തു.

(a) LSGD/PD/46873/2023/DEC5 നമ്പർ ഉത്തരവ് തീയതി 23.09.2022 പ്രകാരം ശ്രീ.ഹരികൃഷ്ണൻ വി.എസ്, സീനിയർ ക്ലർക്കിന് പത്തനംതിട്ട ജില്ലയിലേക്ക് അലോട്ട് ചെയ്തിട്ടുണ്ട്. ആയത് ടിയാന് തൃപ്തികരമാണെന്ന് തസ്വഭവ അണ്ടർസെക്രട്ടറി ടിയാനെ നേരിൽകേട്ട സമയത്ത് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അപ്പീൽ അപേക്ഷയിൽ തുടർനടപടി ആവശ്യമില്ലായെന്ന് കമ്മിറ്റി കണ്ടെത്തുകയും അപ്പീൽ തീർപ്പാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

(b) ശ്രീമതി.ബിജിമോൾ.ആർ, ശ്രീമതി.ആശ എസ്.ആർ എന്നിവർ സമർപ്പിച്ചിട്ടുള്ള ഹർജിയിലെ വാദം നിലനിൽക്കുന്നതല്ലെന്നും സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നപക്ഷം ആയത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ഉൾപ്പെടെ ബാധിക്കുകയും കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്ന പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായപ്രകാരം ടിയാളുകളുടെ അപ്പീൽ പരിഗണിക്കാനാകുന്നതല്ലായെന്ന് കമ്മിറ്റി കണ്ടെത്തുകയും അപ്പീൽ നിരസിക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി.

9. മേൽ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അപ്പീൽ കമ്മിറ്റിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും, ശ്രീ.ഹരികൃഷ്ണൻ വി.എസ്,-ന്റെ അപ്പീൽ അപേക്ഷ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ടും, ശ്രീമതി.ബിജിമോൾ.ആർ, ശ്രീമതി.ആശ എസ്.ആർ എന്നിവർ സമർപ്പിച്ചിട്ടുള്ള അപ്പീൽ പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

10. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 1505/2023, ഒ.എ 1507/2023, ഒ.എ 1508/2023 നമ്പർ കേസുകളിലെ 16.08.2023 തീയതിയിലെ പൊതുഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ.ഹരികൃഷ്ണൻ വി.എസ്, സീനിയർ ക്ലർക്ക്, ചങ്ങനാശ്ശേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.ബിജിമോൾ.ആർ, സീനിയർ ക്ലർക്ക്, ഷൊർണ്ണൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.ആശ എസ്.ആർ, സീനിയർ ക്ലർക്ക്, ഷൊർണ്ണൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 17-10-2023 14:57:58
സെക്ഷൻ ഓഫീസർ